ശ്രീമതി കുസുമം ജോസഫ് : ഇക്കഴിഞ്ഞ വിജയശതമാനത്തിൽ മുന്നിൽ നിൽക്കുന്ന പത്തു സ്കൂളുകൾ എടുത്താൽ അതിൽ ഭൂരിപക്ഷവും പ്രൈവറ്റ് സ്കൂളുകളും, താഴെ നിൽക്കുന്ന പത്തു സ്കൂളുകളെടുത്താൽ അതിൽ ഭൂരിപക്ഷവും ഗവണ്മെന്റ് സ്കൂളുകളും ആണെന്നു അറിയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അറിയുകയില്ല. അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. കെ. കൊച്ചുകുട്ടൻ : കൂടുതൽ വിജയശതമാനമുള്ള പതിനാറു സ്കൂളുകൾ എടുത്താൽ അതിൽ എട്ടാമത്തെയും, പതിനാറാമത്തെയും സ്കൂളുകൾ മാത്രമേ ഗവണ്മെന്റ് സ്കൂളുകളായി കാണുകയുള്ളൂ എന്നും, ബാക്കിയുള്ളവ എല്ലാം പ്രൈവറ്റ് സ്കൂളുകളായിരിക്കുമെന്നും ഗവണ്മെന്റ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെ മനസ്സിലാക്കിയിട്ടില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മലബാർ ഭാഗത്തുള്ള, ഹിന്ദി നിർബ്ബന്ധമായി പഠിപ്പിക്കുന്ന ചില സ്കൂളുകളിൽ നിന്നും ചില വിദ്യാർത്ഥികളെ അവരുടെ രക്ഷകർത്താക്കളുടെ സ്ഥലംമാറ്റം കൊണ്ടുംമറ്റും സ്ഥലം വിടേണ്ടി വന്നതിനെത്തുടർന്ന് ട്രാൻസ്ഫർ സർട്ടിഫിക്കറ്റുകൾ വാങ്ങി തിരുവിതാംകൂർ–കൊച്ചി പ്രദേശത്തുള്ള ചില സ്കൂളുകളിൽ ചേർത്ത സന്ദർഭത്തിൽ അവിടെ ഹിന്ദി നിർബ്ബന്ധിതമാക്കുവാൻ സാധിക്കാതെ വന്നതുകൊണ്ട് ഈ വിദ്യാർത്ഥികൾ ബുദ്ധിമുട്ടു അനുഭവിക്കുന്നതായി അറിയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതിനെപ്പറ്റി അന്വേഷിക്കാം. അങ്ങനെ ഹിന്ദി പഠിപ്പിക്കുന്നതിനെ ആരെങ്കിലും തടഞ്ഞിട്ടുണ്ടെങ്കിൽ അതിനുവേണ്ട നടപടികളും നടത്താം.

കൃഷിവകുപ്പിലെ ഉദ്യോഗസ്ഥന്മാർ.

*1701. [17] ശ്രീമതി കുസുമം ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കൃഷിവകുപ്പിൽ ഇപ്പോൾ എത്ര ഉപദേഷ്ടാക്കളും, എത്ര സ്പെഷ്യൽ ആഫീസേഴ്സും, എത്ര അഡ്വൈസറന്മാരും, എത്ര ജോയിന്റ് ഡയറക്ടർമാരും ഉണ്ട്;

(ബി) ഇവർക്കെല്ലാവർക്കുംകൂടി പ്രതിമാസശമ്പളം, അലവൻസ്, ഇവർ ഓരോരുത്തരിൽ എന്തു ചെലവു വരും?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) സ്പെഷ്യലാഫീസർ 1, അഡൈവസർ 1, ജോയിന്റ് ഡയറക്ടർ 3; അഡൈവസർക്ക് ശമ്പളവും അലവൻസും ഇല്ല.

(ബി) 3,260 രൂപ ശമ്പളത്തിനും അലവൻസിനുംകൂടി ചെലവാകുന്നുണ്ട്. ഇതിൽ, ഒരു ജോയിന്റ് ഡയറക്ടറുടെ ശമ്പളവും അലവൻസും ഇൻഡ്യാഗവണ്മെന്റ് തരുന്നതാണ്.

ശ്രീമതി കുസുമം ജോസഫ് : ഇപ്പോൾ പ്ലാനിംഗ് അഡൈവസർആയി നിയമിച്ചിരിക്കുന്ന എസ്സ്. വൈ. കൃഷ്ണസ്വാമിയുടെ ശമ്പളം ഇതിൽപ്പെടുമോ?

ശ്രീ. സി. അച്യുതമേനോൻ : ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly